മൈനർ ഇറിഗേഷൻ.

* 221. [34] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മൈനർ ഇറിഗേഷൻ സംബന്ധിച്ചു കഴിഞ്ഞ കൊല്ലത്തിൽ എത്ര സംഖ്യ പഞ്ചായത്തു വകുപ്പിൽനിന്നും നീക്കി വച്ചിരുന്നു;

(ബി) എന്തു ചെലവു ചെയ്തു;

(സി) ഇക്കൊല്ലം എത്ര സംഖ്യ നീക്കി വച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മൈനർ ഇറിഗേഷൻ ജോലികൾക്കായി 1954–55–ൽ 25,25,000 രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നു.

(ബി) 1954–55–ൽ 12,83,806 രൂപ ചെലവുചെയ്തു.

(സി) ഇക്കൊല്ലം ലിഫ്റ്റ് ഇറിഗേഷൻ ഉൾപ്പെടെയുള്ള മൈനർ ഇറിഗേഷൻ പബ്ലിക്ക് സ്കീമുകൾക്ക് 20 ലക്ഷം രൂപയും മൈനർ ഇറിഗേഷൻ പ്രൈവറ്റ് സ്കീമുകൾക്കു ഗ്രാൻറ് നൽകുന്നതിനായി രണ്ടര ലക്ഷം രൂപയും ഉൾപ്പെടെ 22½ ലക്ഷം രൂപയും മൈനർ ഇറിഗേഷൻ പ്രൈവറ്റ് സ്കീമുകൾക്കു കടം കൊടുക്കുന്നതിനായി ഏഴരലക്ഷം രൂപയും കൂടി ആകെ 30 ലക്ഷം രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. ടി. പി. സീതാരാമൻ : കഴിഞ്ഞ കൊല്ലം മൈനർ ഇറിഗേഷൻ ജോലി ഏതു ഡിപ്പാർട്ടുമെൻറാണു നടത്തിക്കൊണ്ടിരുന്നതു?

ശ്രീ. കെ. കൊച്ചുകുട്ടൻ : മൈനർ ഇറിഗേഷൻവക്കു പബ്ലിക്കു വർക്സ് ഡിപ്പാർട്ടുമെൻറായിരുന്നു നടത്തിക്കൊണ്ടിരുന്നതു. അതിനു ശേഷം പഞ്ചായത്തുകളിലേയ്ക്കു മാറ്റുകയാണു ചെയ്തതു.

ശ്രീ. ടി. പി. സീതാരാമൻ : ഈ ജോലി പഞ്ചായത്തിലേയ്ക്കു മാറ്റിയപ്പോൾ അതോടുകൂടി അതിലേയ്ക്കുള്ള ഉദ്യോഗസ്ഥന്മാരെക്കൂടി മാറ്റുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതോടുകൂടി ഈ ജോലി ചെയ്തുകൊണ്ടിരുന്ന ഉദ്യോഗസ്ഥന്മാരെക്കൂടി മാറ്റിയിട്ടുണ്ടു.

ശ്രീ. ടി. പി. സീതാരാമൻ : പിന്നെ എന്തുകൊണ്ടാണു പഞ്ചായത്തുകളുടെ ഇറിഗേഷൻ ജോലികൾ പൂർത്തിയാക്കാതെ കാലതാമസം ഉണ്ടാക്കുന്നതു?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇറിഗേഷൻജോലികളെ സംബന്ധിച്ചും മറ്റും സ്ഥലം Acquire ചെയ്യുന്നതിനു താമസം വരുന്നുണ്ടു.

ശ്രീ. ടി. പി. സീതാരാമൻ : ഇക്കൊല്ലവും ഇതിലേയ്ക്കുവേണ്ടി അനുവദിക്കുന്ന തുക ലാപ്സാകാതിരിക്കുവാൻ ഗവണ്മെൻറിൽനിന്നും വല്ല നടപടിയും എടുക്കുമെന്നു ഉദ്ദേശമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിയുന്നതും ലാപ്സാകാതിരിക്കാനുള്ള നടപടി തന്നെയാണു നടത്തുന്നതു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. ഹാർമിസ് : ഇതുവരെയായിട്ടും എതെങ്കിലും പഞ്ചായത്തുകളിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില പഞ്ചായത്തുകളിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനം നടത്തിയിട്ടുണ്ട്. മേജർ ഇറിഗേഷനെന്നും മൈനർ ഇറിഗേഷനെന്നും രണ്ടു വിഭാഗങ്ങളാ ഉള്ളതിൽ ഏതു മൈനർ, ഏതു മേജർ എന്നു തീരുമാനിക്കാൻ താമസം വന്നു. മൈനർ പഞ്ചായത്തും മേജർ പി. ഡബ്ലിയു. ഡി.യും നടത്തണമെന്നുണ്ടായിരുന്ന തീരുമാനം മാറ്റി ലിഫ്റ്റ് ഇറിഗേഷൻ മുഴുവൻ പി. ഡബ്ലിയു. ഡി. തന്നെ നടത്തിയാൽ മതിയെന്നു തീരുമാനിച്ചിരിക്കയാണ്.

WRITTEN ANSWERS

ഹൌസിംഗ് സ്കീം.

* 222. [36] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ഗസറ്റഡ് ഉദ്യോഗസ്ഥന്മാരെ ഉദ്ദേശിച്ച് ഒരു ഹൌസിംഗ് സ്കീം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. പോലായുധൻ):

ഇല്ല.

ഹൌസിംഗ് സ്കീമിനുള്ളതുക.

* 223. [37] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൌസിംഗ് സ്കീമിനുവേണ്ടി കേന്ദ്രത്തിൽനിന്നും മൊത്തം എത്ര തുക ഗ്രാന്റായും, ലോണായും സംസ്ഥാനത്തിന് ഈ വർഷം നൽകിയിട്ടുണ്ട്;

(ബി) ഇതനുസരിച്ച് സ്കീം തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഹൌസിംഗ് സ്കീമിനുവേണ്ടി ഈ വർഷം കേന്ദ്രത്തിൽ നിന്നും യാതൊരു ഗ്രാന്റും, ലോണും കിട്ടിയിട്ടില്ല. എന്നാൽ സബ്സിഡൈസ്ഡ് ഇൻഡസ്ട്രിയൽ ഹൌസിംഗ് സ്കീമിനുവേണ്ടി 20 ലക്ഷം രൂപ ഗ്രാന്റും, ലോണുമായിട്ടും, 15 ലക്ഷം രൂപ ലോ ഇൻകം ഗ്രൂപ്പ് ഹൌസിംഗ് സ്കീമിനുവേണ്ടി ലോണായിട്ടും കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) താഴെ പറയുന്ന എസ്റ്റിമേറ്റുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആശ്രാമം (കൊല്ലം), തൃശ്ശൂർ, ആലപ്പുഴ, എറണാകുളം മുതലായ സ്ഥലങ്ങളിലേയ്ക്ക് ഉടൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly